"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ മുൻ ക്ലാർക്ക് ശ്രീ സജിമോൻ പി.കെ. തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3776/2026/GEDN തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:- 1) 08/12/2025 തീയതിയിലെ സ.ഉ (സാ.ധാ) നം. 10117/2025/പൊവിവ.

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.03.20202 തീയതിയിലെ DGE/4655/2026-EC5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പങ്ങാരപ്പള്ളി സെന്റ് ജോസഫ് എച്ച് എസിലെ ക്ലാർക്ക്, ശ്രീ പി കെ സജിമോൻ തസ്തിക നഷ്ടപ്പെട്ട് സേവനത്തിൽ നിന്നും വിട്ടു നിന്ന 01/09/1995 മുതൽ 31/10/1995 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ പി കെ സജിമോൻ തസ്തികയില്ലാതെ വിട്ടു നിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് 15/07/1995 മുതൽ 31.10.1995 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട് എന്നും, 24/01/2026 ൽ ശ്രീ പി കെ സജിമോൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ സേവനപുസ്തകം പരിശോധിച്ചതിൽ തസ്തിക നഷ്ടപ്പെട്ട 15/07/1995 മുതൽ മാനേജരുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ സേവനത്തിൽ നിന്നും പുറത്തായ 31.10.1995 തീയതി വരെ അധികമായി കൈപ്പറ്റിയ തുക തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ശ്രീ പി കെ സജിമോൻ തസ്തിക നഷ്ടപ്പെട്ട് 15.07.1995 മുതൽ 31.10.1995 വരെ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലഘട്ടം നോൺ ഡ്യൂട്ടിയായി ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ തുടർനടപടികൾക്കായി ശിപാർശ ചെയ്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ പി കെ സജിമോൻ തസ്തികയില്ലാതെ വിട്ടു നിന്ന 01.09.1995 മുതൽ 31.10.1995 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് 15.07.1995 മുതൽ 31.10.1995 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ സജിമോൻ പി.കെ., ക്ലർക്ക്, സെന്റ് ജോസഫ് എച്ച്.എസ്.,പങ്ങാരപ്പിള്ളി
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/244/2024-G.EDN)

ഉത്തരവിൻ പ്രകാരം

Signed by Resmi Babu
Date: 04-06-2026 16:47:41
സെക്ഷൻ ഓഫീസർ